**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മീനങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ "കാർബൺ ന്യൂട്രൽ മീനങ്ങാടി" എന്ന പദ്ധതിക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായമായി പ്രസ്തുത തുക തണൽ എന്ന സംഘടനയ്ക്ക് കൈമാറുന്നതിനായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2760/2018/തസ്വഭവ തിരുവനന്തപുരം, തീയതി 28.10.2018

പരാമർശം:- 1) തണൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.06.2018 ലെ CNW-Thanal/2018/01 നമ്പർ കത്ത്

2) പഞ്ചായത്ത് ഡയറക്ടറുടെ 10.07.2018 ലെ PAN/20281/2018-J5(DP) നമ്പർ കത്ത്

3) 26.09.2018 ലെ G.O (Rt)No. 7970/18/Fin നമ്പർ ഉത്തരവ്

**ഉത്തരവ്**

മീനങ്ങാടി ഗ്രാമപഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യ കാർബൺ തുലിത ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിനുള്ള 'കാർബൺ തുലിത മീനങ്ങാടി ഗ്രാമപഞ്ചായത്ത്' എന്ന പദ്ധതി 2017-18 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 2017-18- ലെ ഉപധനാഭ്യർത്ഥനയിൽ 2515-00-101-54 എന്ന ശീർഷകത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തണൽ എന്ന സംഘടനയ്ക്കുള്ള സഹായമായി 40 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. 'കാർബൺ തുലിത മീനങ്ങാടി ഗ്രാമപഞ്ചായത്ത്' എന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് സാങ്കേതിക പിന്തുണ നൽകുക, ഗവേഷണ-പഠന പ്രവർത്തനങ്ങൾ നടത്തുക, ബോധവൽക്കരണ ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക,പദ്ധതി രൂപീകരണം നടത്തിപ്പ് എന്നിവയ്ക്കാവശ്യമായ സാങ്കേതിക ഉപദേശം നൽകുക തുടങ്ങിയവയാണ് തണൽ എന്ന സംഘടനയുടെ ചുമതലകൾ.

2. മീനങ്ങാടി ഗ്രാമപഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യ കാർബൺ തുലിത ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിനു തണൽ എന്ന സംഘടനയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനായി തണൽ എന്ന സംഘടനയ്ക്കുള്ള സഹായമായി 2515-00-101-54 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപ കൈമാറുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് തണൽ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(1)പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മീനങ്ങാടി ഗ്രാമപഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യ കാർബൺ തുലിത ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിനുള്ള "കാർബൺ ന്യൂട്രൽ മീനങ്ങാടി" എന്ന പദ്ധതിക്ക് 2018-2019 വർഷം

40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 'കാർബൺ തുലിത മീനങ്ങാടി ഗ്രാമപഞ്ചായത്ത്" എന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് പിന്തുണ നല്കുന്നതിന് തണൽ എന്ന സംഘടനയ്ക്ക് ധനസഹായം നൽകുന്നതിനായി 2515-00-101-54 എന്ന ശീർഷകത്തിൽ അഡിഷണൽ ഓതറൈസേഷൻ ആയി പരാമർശം 3 പ്രകാരം അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ, തണൽ എന്ന സംഘടനയ്ക്ക് കൈമാറുന്നതിനായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു. എൽ**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, തണൽ, ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (ഡവലപ്മെന്റ് വിങ്) വകുപ്പ് (22.09.18-ലെ U.O.Note No.Dev-3/224/2018-Fin )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ